**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3843**

**25.06.2013 - ലെ മറുപടിക്ക്**

## സിഡ്കോയ്ക്ക് ലഭിച്ച ഫർണിച്ചറിനുള്ള ഓർഡർ

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നേരിട്ട് ഫർണിച്ചർ നൽകുവാൻ കഴിയുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണു വ്യവസായ വകുപ്പിനു കീഴിലുള്ളത് ; | (എ): സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നേരിട്ട് ഫർണിച്ചർ നൽകുവാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. 1. ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ്, ആലുവ. 2. കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ), തിരുവനന്തപുരം. 3. കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കോ), തിരുവനന്തപുരം. 4.മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഷൊർണ്ണൂർ. 5. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, തൃശ്ശൂർ. |
| (ബി) ഇതിൽ സിഡ്കോയ്ക്ക് പ്രതിവർഷം ശരാശരി എത്ര തുകയുടെ ഓർഡറുകൾ ലഭിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ ; | (ബി)&(സി): 2011-12 കാലയളവിൽ 49 കോടി രൂപയുടേയും 2012-13 കാലയളവിൽ 63 കോടി രൂപയുടേയും ഓർഡറുകൾ ലഭിച്ചിട്ടുണ്ട്. |
| (സി) 2011–12 ലും 2012–13 ലും എത്ര തുകയുടെ ഓർഡറുകളാണു സിഡ്കോയ്ക്ക് ലഭിച്ചത് ; | |
| (ഡി) ഇനിയും തുകയുടെ ഓർഡറുകൾക്കനുസരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനുള്ള നിർമ്മാണ യൂണിറ്റുകൾ സിഡ്കോയ്ക്ക് സ്വന്തമായിട്ടുണ്ടോയെന്നും എവിടെയാണു പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ ; | (ഡി):ഓർഡറുകൾക്കനുസരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനുള്ള നിർമ്മാണ യൂണിറ്റുകൾ സിഡ്കോയ്ക്ക് സ്വന്തമായുണ്ട്. വിവരം ചുവടെ ചേർക്കുന്നു : 1. വുഡ് വർക്കിംഗ് യൂണിറ്റ്, പാപ്പനംകോട്. |

2. ഗവ. ഇൻസ്ട്രുമെന്റ് വർക്ക്ഷോപ്പ്, പാപ്പനംകോട്
3. പ്രഷർ ഡൈകാസ്റ്റിംഗ് യൂണിറ്റ്, പാപ്പനകോട്.
4. വുഡ് വർക്ഷോപ്പ്, കൊല്ലക്കടവ്.
5. സ്റ്റോ ബോർഡ് ഫാക്ടറി, പരുമല.
6.ഗവ. വുഡ് വർക്ഷോപ്പ്, കോഴിക്കോട്.

| | | |
|---|---|---|
| (ഇ) | 2011–12 ലും 2012–13 ലും സിഡ്കോ എത്ര തുകയുടെ തേക്ക്, ഈട്ടി എന്നിവ കൊണ്ടുള്ള ഫർണിച്ചറുകളുടെ ഓർഡർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ഇ): സിഡ്കോ തേക്ക്, ആഞ്ഞിലി, ഹാർഡ് വുഡ് തുടങ്ങിയ തടികളുപയോഗിച്ചാണ് ഫർണിച്ചറുകൾ നിർമ്മിച്ചുവരുന്നത്. 2011-12 കാലയളവിൽ 15 കോടി രൂപയുടെയും 2012-13 കാലയളവിൽ 19 കോടി രൂപയുടെയും ഫർണിച്ചറുകളുടെ ഓർഡർ സിഡ്കോയ്ക്ക് ലഭിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത ഓർഡറുകൾ പ്രകാരം ഫർണിച്ചറുകൾ നിർമ്മിച്ചു നൽകുകയുണ്ടായോ ; | (എഫ്): 2011-12 ൽ ലഭിച്ച ഓർഡറുകൾ പ്രകാരം ഫർണിച്ചറുകൾ നൽകി കഴിഞ്ഞു. 2012-13 ൽ ലഭിച്ച ഓർഡറുകളുടെ ഫർണിച്ചറുകൾ പണി പൂർത്തിയാക്കി നൽകികൊണ്ടിരിക്കുന്നു. |
| (ജി) | ഇതിനാവശ്യമായ തടി എവിടെ നിന്നുമാണ് വാങ്ങിയത് ; | (ജി): സിഡ്കോയുടെ പ്രൊഡക്ഷൻ യൂണിറ്റിന് ആവശ്യമായ തടി വനം വകുപ്പിൽ നിന്ന് ടെൻഡർ നടപടി പ്രകാരമാണ് വാങ്ങിയിട്ടുള്ളത്. |
| (എച്ച്) | സിഡ്കോ, നിലവാരമുള്ള ഫർണിച്ചറുകളും മറ്റു സാധനങ്ങളും നൽകുന്നില്ല എന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ ; | (എച്ച്) :ഒരു പരാതി സിഡ്കോയ്ക്ക് ലഭിച്ചിട്ടുണ്ട്. |
| (ഐ) | എങ്കിൽ ഇതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; | (ഐ) : സിഡ്കോ അന്വേഷണം നടത്തുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ജെ) | സിഡ്കോ നിർമ്മിക്കുന്ന ഫർണിച്ചറുകളുടെയും മറ്റു സാധനങ്ങളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; | (ജെ) : ഫർണിച്ചറുകളുടെ ഗുണ നിലവാരം ഉത്പാദന സമയത്തും പൂർത്തിയായ ശേഷവും പരിശോധിക്കുന്നുണ്ട്. പരിശോധന നടത്തി ഗുണ നിലവാരം ഉറപ്പു വരുത്തിയ ശേഷം സിഡ്കോയുടെ മുദ്ര പതിപ്പിച്ച ശേഷമേ വിതരണം ചെയ്യാറുള്ളൂ. ഇതിലേക്ക് പരിശോധന നടത്തിയ റിപ്പോർട്ട് നിശ്ചിത ഇൻസ്പെക്ഷൻ ഫോറത്തിൽ തയ്യാറാക്കി ഹെഡ് ഓഫീസിൽ ക്വാളിറ്റി ഇൻസ്പെക്ഷൻ മേധാവിക്കു അയച്ച |

കൊടുക്കുന്നു. ഈ പരിശോധന റിപ്പോർട്ടിന്റെ ഓരോ പകർപ്പ് വീതം ബന്ധപ്പെട്ട ഡിവിഷൻ മേധാവിക്കും ബന്ധപ്പെട്ട മാനേജർക്കും അയച്ചു കൊടുക്കുന്നു. ഒരു പകർപ്പ് പരിശോധന നടത്തുന്ന ക്വാളിറ്റി ഇൻസ്പെക്ടർ സൂക്ഷിക്കുന്നുണ്ട്. ഇപ്രകാരം പരിശോധനയ്ക്ക് പ്രൊഡക്ഷൻ യൂണിറ്റുകളിലെ 36 വിദഗ്ധ തൊഴിലാളികളെ എല്ലാ ജില്ലകളിലുമായി നിയോഗിച്ചിട്ടുണ്ട്. 50,000 രൂപയ്ക്കു മുകളിലുള്ള ഫർണിച്ചറിന്റെ പരിശോധന ബന്ധപ്പെട്ട മാനേജരും അതാതു ജില്ലയിൽ നിയോഗിച്ചിട്ടുള്ള ക്വാളിറ്റി ഇൻസ്പെക്ടറും കൂടി ഒരുമിച്ചാണ് ഇൻസ്പെക്ഷൻ നടത്തുന്നത്. ഇതിലേയ്ക്ക് വിവിധ യൂണിറ്റുകളിലെ 23 മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും പരാതിയോ, വീഴ്ചയോ ശ്രദ്ധയിൽ പ്പെട്ടാൽ അതിനെക്കുറിച്ച് അന്വേഷിച്ച് ഉചിത നടപടി സമയ ബന്ധിതമായി ഇൻസ്പെക്ഷൻ മേധാവി സിഡ്കോയുടെ വിജിലൻസ് വിഭാഗത്തിന്റെ സഹായത്തോടെ സ്വീകരിച്ചു വരുന്നു.

(കെ) നിലവിൽ സിഡ്കോയിലെ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുവെന്നു വ്യക്തമാക്കുമോ ?

(കെ): വിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ